പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2238

06/10/2016-ൽ
മറുപടിയ്ക്ക്

## സർക്കാർ കോളേജുകളിൽ സീനിയർ സൂപ്രണ്ട് തസ്തിക

**ചോദ്യം** **മറുപടി**

ശ്രീ.രാജു എബ്രഹാം :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലായി എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളും, ട്രെയിനിംഗ് കോളേജുകളും, ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലായി 61 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 153 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും,4 സർക്കാർ ട്രെയിനിംഗ് കോളേജുകളും,17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകളും , 5 ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് പുതുതായി എത്ര സർക്കാർ കോളേജുകളാണ് അനുവദിച്ചിട്ടുള്ളത്; അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ; | (ബി) | 22 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും, എസ്.ആർ.വി.മ്യൂസിക് സ്കൂളിനെ മ്യൂസിക് കോളേജായി അപ്ഗ്രേഡും ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട് ; മുൻസർക്കാരിന്റെ കാലത്ത് പുതുതായി അനുവദിച്ച ആർട്സ് & സയൻസ് കോളേജുകളുടെ പേരുകൾ അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു. |
| (സി) | സർക്കാർ കോളേജുകളിൽ ഇപ്പോഴും ഡി.ഡി.ഒ മാരായി പ്രിൻസിപ്പൽമാർ പ്രവർത്തിച്ചു വരുന്നത് ഏതൊക്കെ കോളേജുകളിലാണ്; | (സി) | എല്ലാ പ്രിൻസിപ്പാൾമാരും ഡി.ഡി.ഒ മാരായി പ്രവർത്തിക്കുന്നു. (സംഗീത കോളേജുകളിൽ ഒഴികെ) |
| (ഡി) | സർക്കാർ കോളേജുകളിൽ സീനിയർ സൂപ്രണ്ടുമാരുടെ തസ്തിക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്താണ് എന്നറിയിക്കുമോ; | (ഡി) | 2000 - ന് താഴെ വിദ്യാർത്ഥികളുള്ള ജൂനിയർ കോളേജുകളിലാണ് സീനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ചു വരുന്നത്. |
| (ഇ) | താരതമ്യേന പുതിയ കോളേജുകളിൽ പോലും സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കപ്പെട്ടപ്പോൾ, പഴയതും കുട്ടികളുടെ എണ്ണം കൂടുതലുമുള്ളതുമായ കോട്ടയം ഗവ.കോളേജ് | (ഇ) | കോട്ടയം ഗവണ്മെന്റ് കോളേജ് ഉൾപ്പെടെയുള്ള ഏതാനും കോളേജുകളിൽ പ്രീഡിഗ്രി നിലനിന്ന കാലത്ത് 2500 - ൽ അധികം വിദ്യാർത്ഥികൾ നിലനിന്നിരുന്നു. അങ്ങനെ വരുമ്പോൾ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും രണ്ട് ജൂനിയർ സൂപ്രണ്ടും തസ്തികകളാണ് അനുവദനീയമായത്. പ്രീഡിഗ്രി, |

| | | | |
|---|---|---|---|
| | ഉൾപ്പെടെയുള്ളവയ്ക്ക് ഈ തസ്തിക അനുവദിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ; | | കോളേജുകളിൽ നിന്നും വേർപ്പെടുത്തിയ സമയത്ത് വിദ്യാർത്ഥികളുടെ എണ്ണം 2000 - ൽ കുറവ് വന്നപ്പോൾ ഈ കോളേജുകളിൽ നിന്നും എ.എ. യുടെ തസ്തികയും ഒരു ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയും നിർത്തൽ ചെയ്യുകയുണ്ടായി. എന്നാൽ ശേഷിച്ച ഒരു ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക സീനിയർ സൂപ്രണ്ടിന്റെ തസ്തികയായി ഉയർത്തുകയുണ്ടായില്ല. |
| (എഫ്) | ഇതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രപ്പോസൽ നൽകിയിരുന്നോ; ഉണ്ടെങ്കിൽ എന്നാണ് പ്രപ്പോസൽ നൽകിയിരുന്നത്; ഏതൊക്കെ കോളേജുകളാണ് ഈ പ്രപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നത്; ഏതൊക്കെ കോളേജുകളിലാണ് തസ്തിക അനുവദിക്കപ്പെട്ടത്; ബാക്കിയുള്ളവയ്ക്ക് എന്തു കാരണം പറഞ്ഞാണ് തസ്തിക നിരസിച്ചത്; വിശദമാക്കാമോ; | (എഫ്) & (ജി) | അമ്പലപ്പുഴ ഗവണ്മെന്റ് കോളേജിനായി 21.12.2015 - ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നൽകിയിരുന്നു; എന്നാൽ നിലവിലെ സാമ്പത്തിക സാഹചര്യം അനുസരിച്ച് പുതുതായി സീനിയർ സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാനോ നിലവിലുള്ള തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാനോ സാധിച്ചിട്ടില്ല. അട്ടപ്പാടി ഗവണ്മെന്റ് കോളേജിനായി 06.05.2016 - ൽ പ്രൊപ്പോസൽ നൽകിയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടയം ഗവണ്മെന്റ് കോളേജിനായി 30.07.2014 - ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2015 - ന് ശേഷം നൽകുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ജി) | പുതിയ സാഹചര്യത്തിൽ കോട്ടയം ഗവ.കോളേജ് ഉൾപ്പെടെയുള്ളിടത്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| | |
|---|---|
| 1 | ഗവണ്മെന്റ് കോളേജ്, താനൂർ, മലപ്പുറം |
| 2 | ഗവണ്മെന്റ് കോളേജ്, കൊടുവള്ളി, കോഴിക്കോട് |
| 3 | ഗവണ്മെന്റ് കോളേജ്, അട്ടപ്പാടി |
| 4 | ഗവണ്മെന്റ് കോളേജ്, കൊണ്ടോട്ടി, മലപ്പുറം |
| 5 | ഗവണ്മെന്റ് കോളേജ്, മങ്കട, മലപ്പുറം |
| 6 | ഗവണ്മെന്റ് കോളേജ്, ബാലുശ്ശേരി, കോഴിക്കോട് |
| 7 | ഗവണ്മെന്റ് കോളേജ്, തൃത്താല, പാലക്കാട് |
| 8 | ഗവണ്മെന്റ് കോളേജ്, ചേലക്കര, തൃശ്ശൂർ |
| 9 | ഗവണ്മെന്റ് കോളേജ്, തലശ്ശേരി, കണ്ണൂർ |
| 10 | ഗവണ്മെന്റ് കോളേജ്, പെരിങ്ങോം, കണ്ണൂർ |
| 11 | ഗവണ്മെന്റ് കോളേജ്, നാദാപുരം, കോഴിക്കോട് |
| 12 | ഗവണ്മെന്റ് കോളേജ്, കുന്ദമംഗലം, കോഴിക്കോട് |
| 13 | ഗവണ്മെന്റ് കോളേജ്, തവനൂർ, മലപ്പുറം |
| 14 | ഗവണ്മെന്റ് കോളേജ്, ഇലന്തൂർ, പത്തനംതിട്ട |
| 15 | ഗവണ്മെന്റ് കോളേജ്, ഒല്ലൂർ, തൃശ്ശൂർ |
| 16 | ഗവണ്മെന്റ് കോളേജ്, ഉദുമ, കുനിയ, കാസർഗോഡ് |
| 17 | ഗവണ്മെന്റ് കോളേജ്, മലയിൻകീഴ്, കാട്ടാക്കട, തിരുവനന്തപുരം |
| 18 | ഗവണ്മെന്റ് കോളേജ്, കുളത്തൂർ, നെയ്യാറ്റിൻകര, തിരുവനന്തപുരം |
| 19 | ഗവണ്മെന്റ് കോളേജ്, വനിതാകോളേജ്, മലപ്പുറം |
| 20 | ഗവണ്മെന്റ് കോളേജ്, പത്തിരിപ്പാല, പാലക്കാട് |
| 21 | ഗവണ്മെന്റ് കോളേജ്, കരുനാഗപ്പള്ളി |
| 22 | ഗവണ്മെന്റ് കോളേജ്, നിലമ്പൂർ |

സെക്ഷൻ ഓഫീസർ